ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 20.06.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. കിഴക്കൻ ഇന്ത്യയുടെ വികസനമാണ് വികസിത ഭാരതത്തിന്റെ അടിത്തറയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കർഷകർക്ക് പി.എം കിസാൻ പദ്ധതിയുടെ 23-ാം ഗഡു പ്രധാനമന്ത്രി വിതരണം ചെയ്തു.

   **Prime Minister Narendra Modi said that the development of eastern India is the foundation of a Viksit Bharat. The Prime Minister also disbursed the 23rd instalment under the PM-Kisan scheme to farmers.**

2. ചർമ്മ രോഗങ്ങൾക്കുള്ള മരുന്നുകൾ, വേദനസംഹാരികൾ ഉൾപ്പെടെ 16 മരുന്നുകൾ നിരോധിച്ച് കേന്ദ്ര സർക്കാർ.

   **Government prohibits manufacture, Sale and Distribution of 16 Fixed Dose Combinations in public interest.**

3. അന്താരാഷ്ട്ര യോഗ ദിനാഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. ദേശീയതല പരിപാടിക്ക് കൊൽക്കത്തയിൽ പ്രധാനമന്ത്രി നാളെ നേതൃത്വം നൽകും.

   **The country is gearing up for the International Day of Yoga celebrations. Prime Minister Narendra Modi will lead the national-level event in Kolkata tomorrow.**

4. നീറ്റ്-യു.ജി പുനഃപരീക്ഷ നാളെ. പരീക്ഷ ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 5:15 വരെ.

**NEET-UG re-examination to be held tomorrow. The examination will be conducted from 2:00 PM to 5:15 PM.**

5. **കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

   **Isolated heavy rainfall is expected to continue in Kerala. A yellow alert has been issued today for Wayanad and Kannur districts.**

6. **അഫ്ഗാനിസ്ഥാനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യയ്ക്ക് 219 റൺ വിജയലക്ഷ്യം.**

   **India has been set a target of 219 runs in the final match of the ODI cricket series against Afghanistan.**

*******************

## PM BENGAL (INTRO)

2047- ഓടെ വികസിതരാജ്യം എന്ന ലക്ഷ്യത്തിനായ് പ്രയത്നിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പശ്ചിമ ബംഗാളിലെ താരാകേശ്വറിൽ പശ്ചിം ബംഗാ ദിവസ് ആഘോഷങ്ങളിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതം എന്ന ലക്ഷ്യത്തിന്റെ അടിത്തറ കിഴക്കൻ ഇന്ത്യയുടെ വികസനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

പ്രധാൻമന്ത്രി പി.എം കിസാൻ പദ്ധതിയുടെ ഇരുപത്തിമൂന്നാമത് ഗഡുവും അദ്ദേഹം വിതരണം ചെയ്തു.

*******************

## SURESHGOPI - CTCRI

പിഎം കിസാൻ സമ്മാൻ നിധിയുടെ 23-ാമത് ഗഡു വിതരണത്തോടനുബന്ധിച്ച് തിരുവനന്തപുരം ശ്രീകാര്യത്തുള്ള

കേന്ദ്ര കിഴങ്ങുവർഗവിള ഗവേഷണ കേന്ദ്രത്തിൽ പി എം കിസാൻ ഉത്സവ് ദിവസ് സംഘടിപ്പിച്ചു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. കർഷക ക്ഷേമത്തിനും ഗ്രാമീണ പുരോഗതിക്കുമുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ് പിഎം-കിസാൻ സമ്മാൻ നിധിയെന്ന് അദ്ദേഹം പറഞ്ഞു.

******************

## AMIT SHA

രാജ്യാതിർത്തികളിലൂടെയുള്ള നുഴഞ്ഞു കയറ്റം തടഞ്ഞ് ദേശസുരക്ഷ ഉറപ്പാക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മഹാരാഷ്ട്രയിലെ കൊലാപൂരിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സാംസ്കാരിക പുനുരുജീവനം, സുരക്ഷ തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ മുന്നേറ്റങ്ങൾക്കാണ് കഴിഞ്ഞ 12 വർഷങ്ങളിൽ രാജ്യം സാക്ഷ്യം വഹിച്ചതെന്നും ശ്രീ അമിത് ഷാ പറഞ്ഞു.

******************

## PM – NAVY SHIPS

ഇന്ത്യൻ നാവികസേന തദ്ദേശീയമായി നിർമ്മിച്ച മൂന്ന് കപ്പലുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജ്യത്തിന് സമർപ്പിക്കും. കൊൽക്കത്തയിൽ നടക്കുന്ന ചടങ്ങിൽ ഐഎൻഎസ് ദുനഗിരി, ഐഎൻഎസ് സൻശോധക്, ഐഎൻഎസ് അഗ്രേ എന്നീ കപ്പലുകൾ നാവികസേനയുടെ ഭാഗമാകും. 75 ശതമാനത്തിലധികം തദ്ദേശീയ ഉള്ളടക്കമുള്ള കപ്പലുകളുടെ നിർമാണത്തിൽ 200-ലധികം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് നാവികസേന അറിയിച്ചു.

******************

## BRICS NSA MEETING

ബ്രിക്സ് രാജ്യങ്ങളിലെ ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ യോഗത്തിന് ഇന്ത്യ വേദിയാകും. രണ്ട് ദിവസത്തെ യോഗം മറ്റെന്നാൾ ആരംഭിക്കും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ അധ്യക്ഷത വഹിക്കും. ബ്രിക്സ് അംഗ

രാജ്യങ്ങളിലെ പ്രതിനിധികൾ സുരക്ഷയുമായി ബന്ധപ്പെട്ട ആശയങ്ങൾ പങ്കുവെക്കും. സുരക്ഷ വെല്ലുവിളികൾ നേരിടുന്നതിൽ ആധുനിക സാങ്കേതിക വിദ്യയുടെ പങ്ക്, പുതുതായി രൂപപ്പെടുന്ന സുരക്ഷാ പ്രശ്നങ്ങൾ എന്നീ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

******************

## HEALTH- FDCs BAN

16 ഫിക്സഡ്-ഡോസ് കോമ്പിനേഷൻ മരുന്നുകളുടെ നിർമ്മാണം, വിൽപ്പന, വിതരണം എന്നിവ നിരോധിച്ച് കേന്ദ്ര സർക്കാർ. സുപ്രീം കോടതി നിർദ്ദേശപ്രകാരം വിദഗ്ദ്ധ സമിതി നടത്തിയ പരിശോധനയിൽ, ഈ മരുന്ന് സംയോജനങ്ങൾക്ക് മതിയായ ഗുണനിലവാരമില്ലെന്നും ആരോഗ്യത്തിന് ഹാനികരമാണെന്നും കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. ചർമ്മ രോഗങ്ങൾക്കുള്ള മരുന്നുകൾ, വേദനസംഹാരി, ആൻറിബയോട്ടിക് മരുന്നുകൾ തുടങ്ങിയവയാണ് നിരോധിച്ചത്. സുരക്ഷിതവും ഫലപ്രദവും ശാസ്ത്രീയ അടിത്തറയുള്ളതുമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു.

******************

## NTA- MOCK DRILL

നീറ്റ്-യുജി പുനഃപരീക്ഷ നാളെ നടക്കും. ഇതിന് മുന്നോടിയായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി രാജ്യവ്യാപകമായി മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. 22.79 ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് നാളെ പരീക്ഷയെഴുതുന്നത്. രാജ്യത്തെ 551 നഗരങ്ങളിലും 14 വിദേശ നഗരങ്ങളിലും പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 5:15 വരെയാണ് പരീക്ഷ. അതെസമയം, ഒരു വിദ്യാർത്ഥിക്ക് പ്രത്യേക അപേക്ഷയെ തുടർന്ന് പരീക്ഷാ കേന്ദ്രം അബുദാബിയിൽ നിന്ന് നാഗ്പൂരിലേക്ക് മാറ്റാൻ NTA അനുമതി നൽകി.

******************

## KIRTI VARDHAN SINGH (INTRO)

കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് ലക്ഷദ്വീപിൽ 'വികസിത ഭാരത് സങ്കൽപ്പ് സമ്മേളനത്തെ' അഭിസംബോധന ചെയ്യു. ദ്വീപുകളിലെ വികസനം ലക്ഷ്യമിട്ട് വിവിധ പരിപാടികളിലും അദ്ദേഹം പങ്കെടുത്തു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾസലാം....**

**(വോയ്സ്)**

******************

## YOGA

അന്താരാഷ്ട്ര യോഗ ദിനം നാളെ. കൊൽക്കത്തയിൽ നടക്കുന്ന യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഇത്തവണത്തെ യോഗ ദിനാചരണ പ്രമേയം. യോഗ ദിനാചരണത്തിൻറെ ഭാഗമായി മധ്യപ്രദേശിലെ ജബൽപൂരിൽ നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും.

******************

## SLOVAKIA – YOGA (INTRO)

അന്താരാഷ്ട്ര യോഗ ദിനത്തോട് അനുബന്ധിച്ച് സ്ലോവാക് റിപബ്ലിക്കിൽ നിരവധി പരിപാടികൾ സംഘടിപ്പിക്കും. ഇന്ത്യൻ എംബസി നിലവിൽ രണ്ടു പ്രതിദിന യോഗാ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ടെന്ന് സ്ലോവാക് റിപബ്ലികിലെ ഇന്ത്യൻ അംബാസിഡർ അപൂർവ്വ് ശ്രീവാസ്തവ ആകാശവാണിയോടു പറഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

**(VOICE)**

******************

## UAE-IYD PARTICIPATION

യോഗ ദിനത്തിന് മുന്നോടിയായി യുഎഇയിലെ ഇന്ത്യൻ അംബാസഡർ ദീപക് മിത്തലിൻറെ നേതൃത്വത്തിൽ ഇന്ത്യൻ സോഷ്യൽ സെന്റർ അൽ ഐൻ ഇന്ന് യോഗ പരിപാടി സംഘടിപ്പിച്ചു. നാളെ രാവിലെ 5:30 മുതൽ 6:30 വരെ ദുബായ് പോലീസ് ഓഫീസേഴ്സ് ക്ലബ്ബിൽ യോഗ സെഷൻ നടക്കും. അബുദാബിയിലെ ഇന്ത്യൻ എംബസി രാവിലെ 8 മുതൽ 9 വരെ യോഗ പരിപാടി ഒരുക്കിയിട്ടുണ്ട്.

*******************

## CRICKET IND VS AFG

അഫ്ഗാനിസ്ഥാനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യയ്ക്ക് 219 റൺ വിജയലക്ഷ്യം. ടോസ് നേടിയ അഫ്ഗാൻ ബാറ്റിംഗ് തെരഞ്ഞെടുക്കുകയായിരുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 23 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 172 റൺ എന്ന നിലയിലാണ്.

*******************

## Fifa updated

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് നെതർലന്റ്സ് സ്വീഡനെ നേരിടും. ഇന്ത്യൻ സമയം രാത്രി 10.30ന് ടെക്സാസിലെ ഹൂസ്റ്റണിലാണ് മത്സരം. പുലർച്ചെ 1.30ന് നടക്കുന്ന മത്സരത്തിൽ ജർമ്മനി ഐവറി കോസ്റ്റുമായി ഏറ്റുമുട്ടും. രാവിലെ 5.30നാണ് ക്യുറസാവോ - ഇക്വഡോർ പോരാട്ടം.

*******************

## RAIN

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ എട്ട് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള, - ലക്ഷദ്വീപ് തീരങ്ങളിൽ നാളെയും മറ്റന്നാളും കർണാടക

തീരത്ത് നാളെ മുതൽ ചൊവ്വാഴ്ചവരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

******************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 135 ആം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 26 വരെ MYGOV , NaMo App അല്ലെങ്കിൽ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ അറിയിക്കാവുന്നതാണ്.

******************

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ. ടി. തോമസിന് പദ്മവിഭൂഷണും, നടൻ മമ്മൂട്ടിക്ക് പദ്മഭൂഷണും സമ്മാനിക്കും.

******************

## CENSUS

സംസ്ഥാനത്ത് സെൻസസ് 2027 ൻറെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന സെൽഫ് എന്യൂമറേഷന് se.census.gov.in എന്ന പോർട്ടലിലൂടെ വിവരങ്ങൾ സമർപ്പിക്കാം. ഹിന്ദി, ഇംഗ്ലീഷ് കൂടാതെ പതിനാല് ഇന്ത്യൻ ഭാഷകളിൽ ഈ സൗകര്യം ലഭ്യമാണ് .

******************

*************

*****